റാവുസാഹിബ്ബ് കെ. അയ്യപ്പൻ:

(എ) ഇല്ല.

(ബി) കനാൽ ഉദ്യോഗസ്ഥന്മാർ.

EXPORT OF DHALL—PERMITS FOR

468. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട സദയം മറുപടി പറയുമൊ.—

(എ) പരിപ്പ മുതലായ നവധാന്യങ്ങൾ ബോംബയിലേക്ക മടക്കി അയയ്ക്കുന്നതിനുള്ള പെർമിറ്റുകൾ വല്ലവക്കും കൊടുത്തിട്ടുണ്ടൊ;

(ബി) കൊടുത്തിട്ടുണ്ടെങ്കിൽ ആക്കെല്ലാമാണ്;

(സി) എത്ര;

(ഡി) കൊച്ചിയിലെ കച്ചവടക്കാർ പരിപ്പ വരുത്തിയിട്ടുള്ളതു വില്പന തടഞ്ഞിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആരെയെല്ലാമാണ്;

(എഫ്) എന്ത കാരണങ്ങളെക്കൊണ്ടാണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഇല്ല.

(ബി) & (സി) മൻചോദ്യത്തിനുള്ള ഉത്തരംകൊണ്ട് ഈ ചോദ്യങ്ങൾക്ക് ഉത്തരം ആവശ്യമില്ല.

(ഡി) ഇല്ല.

(ഇ) & (എഫ്) (ഡി)യുടെ ഉത്തരംകൊണ്ട് ഈ ചോദ്യങ്ങൾക്ക് ഉത്തരം ആവശ്യമില്ല.

RECORDS LIBRARY—TRIPPUNITTURA

469. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട സദയം മറുപടി പറയുമോ.—

(എ) തൃപ്പുണിത്തുറ ഗ്രന്ഥശാലയിലുള്ള ആകെ ഗ്രന്ഥങ്ങളാണ് ഇതിനകം പകർത്തിക്കഴിഞ്ഞിട്ടുള്ളതു;

(ബി) ഇവയിൽ മുദ്രണംചെയ്ത പ്രസിദ്ധപ്പെടുത്തിട്ടുള്ളവ എത്ര; പ്രസിദ്ധപ്പെടുത്തുവാൻ ഉദ്ദേശിക്കപ്പെടുന്നവ ഏതെല്ലാം;

(സി) പ്രസ്തുത ഗ്രന്ഥാലയത്തിലെ കൂറേറർമ്മാടെ വിദ്യാഭ്യാസയോഗ്യതയും ശമ്പളവും എന്ത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ന്നൂറ ഗ്രന്ഥങ്ങൾ.

(ബി) ഒ എണ്ണം. പ്രസിദ്ധപ്പെടുത്തുവാൻ വളരെ ഗ്രന്ഥങ്ങൾ കാണും.

(സി) സംസ്കൃത പണ്ഡിതപരീക്ഷയും സംസ്കൃത വിദ്വാൻ പരീക്ഷയും; ശമ്പളം ഇല്ല.

MASAPADIES—APPOINTMENT OF

470. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമൊ.—

(എ) ഫ്രഫ്രഫ മിഥുനം ഫവ്വാംന്ധക്കുശേഷം വിദ്യാഭ്യാസവകുപ്പിൽ റോമൻ സിറിയൻ സമുദായത്തിൽനിന്ന് സ്ഥിര മാസപ്പടിയായി ആരെയെങ്കിലും പുതിയതായി നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരെയെല്ലാം; ഏതേതു മാസം തീയ്യതികളിൽ നിയമിച്ചു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly